"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് - താല്ക്കാലികാടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് തസ്തികയുടെ കരാർ സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് - അനുമതി നല്കി - ഉത്തരവാകുന്നു.

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.299/2024/F&P തീയതി,തിരുവനന്തപുരം, 15-06-2024

പരാമർശം:-
1. 09-10-2017 തീയതിയിലെ സ.ഉ.(കൈ) നം. 19/2017/മ.തു.വ
2. 28-05-2019 തീയതിയിലെ സ.ഉ. (കൈ) നം. 14/2019/മ.തു.വ.
3. 18-01-2021 തീയതിയിലെ സ.ഉ. (കൈ) നം. 2/2021/മ.തു.വ.
4 14-05-2021 തീയതിയിലെ സ.ഉ. (സാധ) നം. 261/2021/മ.തു.വ
5 മലബാർ ഇന്റർനാഷണൽ സീപോർട്ട് & എസ്.ഇ.ഇസഡ് ലിമിറ്റഡ് എം.ഡി &സി.ഇ.ഒ. യുടെ 22- 02-2024 തീയതിയിലെ MIPSL/190/Post Extension/2024/774 നം. കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് കമ്പനിയായ "അഴീക്കൽ പോർട്ട് ലിമിറ്റഡ്" (പുതിയ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്") -ൽ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുൾപ്പെടെ നാല് തസ്തികകൾ കോൺട്രാക്ട് വ്യവസ്ഥയിൽ സൃഷ്ടിക്കുകയും കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) നെ പരാമർശം (2) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിൽ, ഡെപ്യൂട്ടി മാനേജർ, ഫിനാൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക് എന്നീ മൂന്ന് തസ്തികകൾ 3 വർഷത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ, നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം ക്ലാർക്ക് തസ്തികയെ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവായിരുന്നു.

2. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിൽ പരാമർശം (3) പ്രകാരം പുതുതായി സൃഷ്ടിച്ച തസ്തികകളുടെ കാലാവധി അവസാനിക്കുന്നതിനാൽ 16-02-2024 തീയതിയിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം അസിസ്റ്റന്റ് തസ്തികയുടെ സേവനകാലാവധി 3 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിൻപ്രകാരം അസിസ്റ്റന്റ് തസ്തികയുടെ സേവന കാലാവധി 29-02-2024 തീയതി മുതൽ 3 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കുവാൻ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിലെ അസിസ്റ്റന്റ് തസ്തികയുടെ കരാർ സേവന കാലാവധി 09-07-2019 തീയതിയിലെ സ.ഉ. (അച്ചടി) നം. 81/2019/ധനം, 22-07-2022 തീയതിയിലെ പരിപത്രം നം. 61/2022 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 17-01-2024 തീയതി മുതൽ 3 വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് [നം. 29-03-2024 തീയതിയിലെ 1009325/PU-B3/119/2018-FIN)|

വെബ് & ന്യൂ മീഡിയ, i&PRD (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
സെക്ഷൻ ഓഫീസർ
Date: 15-06-2024 18:01:42

പകർപ്പ്: ബഹു. തുറമുഖ സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്